**കേരള സർക്കാർ**
**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - സ്വകാര്യ ആനകളുടെ ജഡം വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിന് അനുവാദം - ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്ക് അധികാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

..............................................................................

**വനം വന്യജീവി (എഫ് ) വകുപ്പ്**

സ.ഉ (സ) നം. 378/96/വനം തീയതി , തിരുവനന്തപുരം, 23.10.96.

..............................................................................

പരാമർശം : (1) ആന സംരക്ഷണസമിതി പ്രസിഡന്റിന്റെ 23.10.95 ലെ നിവേദനം.
(2) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫിന്റെ 4.3.96 ലെ ഡബ്ള്യൂ.എൽ. 3-249/നംപർ കത്ത്

**ഉത്തരവ്**

സ്വകാര്യ ആനകളുടെ ജഡം സൗകര്യപ്രദമായി സംസ്കരിക്കുന്നതിന് വനം വകുപ്പിന്റെ ആധീനതയിലുള്ള ഭൂമി വിട്ടുകൊടുക്കണമെന്ന് പരാമർശം കത്തിലെ നിവേദനത്തിൽ ആന സംരക്ഷണ സമിതി അഭ്യർത്ഥിച്ചു.

ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ ഇക്കാര്യം സർക്കാർ സർക്കാർ വിശദമായി പരിശോധിച്ച് . സ്വകാര്യ ആനകൾ ചെരിഞ്ഞാൽ അവയുടെ ജഡം പൊതുജനങ്ങൾക്ക് ഹാനികരമല്ലാത്ത് രീതിയിൽ തങ്ങളുടെ അധികാര പരിധിയിൽ വരുന്ന വനപ്രദേശങ്ങളിൽ സംസ്കരിക്കുന്നതിനുള്ാള അനുവാദം താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നൽകുവാൻ അതാത് ഡിവിീഷണൽ ഫോറസ്റ്റ് ഓഫീസർമാരെ അധികാരപ്പെടുത്തികൊണ്ടു ഉത്തരവു പുറപ്പെടുവിക്കുന്നു.

1. ആനയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള രേഖകളോടുകൂടി ആനയുടെ ഉടമസ്ഥൻ ഡിവിഷണൽ ഡിവിീഷണൽ ഫോറസ്റ്റാഫീസർക്ക് അപേക്ഷ നൽകേണ്ടതാണ്.
2. അപേക്ഷയുടെ കൂടെ ആന ചെരിഞ്ഞ് സ്ഥലത്ത് അധികാരമുള്ള വെറ്റിനറി സർജൻ നൽകിയ പോസ്റ്റുമാർട്ടം സർട്ടിഫിക്കറ്റ് അടക്കം ചെയ്തിരിക്കണം.
3. വനപ്രദേശത്ത് മരങ്ങൾ ഇല്ലാത്ത തുറസ്സായ സ്ഥലത്തായിരിക്കണം ആനയുടെ ജഡം സംസ്കരിക്കേണ്ടത്.
4. ആനയുടെ ആനയുടെ ജഡം സംസ്കരിക്കുന്നതിനു വേണ്ട വിറക്, മറ്റ് ഇന്ധനങ്ങാറ്റ ഉപകരണങ്ങൾ എന്നിവ ആനയുടെ ഉടമസ്ഥൻ സ്വന്തം ചെലവിൽ കൊണ്ടു വരേണ്ടതാണ്.
5. ആനയുടെ ജഡം ചുട്ടുകരിക്കുമ്പോൾ സമീപത്തുള്ള വനപ്രദേശങ്ങളിലേയ്ക്ക് തീ പടർന്നു പിടിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതും ആയതിന് വേണ്ടത്ര തൊഴിലാളികളെ ആനയുടെ ഉടമസ്ഥൻ സ്വന്തം ചെലവിൽ നിയോഗിക്കേണ്ടതുമാണ്.
6. ആനയുടെ ജഡം കത്തിതീർന്ന് തീ അണച്ചതിന് ശേഷം മാത്രമേ ആനയുടെ ഉടമസ്ഥനോ പ്രതിനിധിയോ തൊഴിലാളികളോ സംസ്കരണസ്ഥലം വിട്ടുപോകാന്ിൊ പാടുള്ളു.
7. ആനയുടെ ഉടമസ്ഥന്റെയോ പ്രതിനിധിയുടെയോ അവർ നിയോഗിക്കുന്ന തൊഴിലാളികളുടെയോ ഏതെങ്കിലും പ്രവർത്തിമൂലമോ അശ്രദ്ധമൂലമോ കാടിന് തീ

പിടിക്കാൻ ഇടവരികയോ മറ്റു നാശനഷ്ടങ്ങൾ സംഭവിക്കുകയോ ചെയ്താൽ സർക്കാരിനുണ്ടാകുന്ന നഷ്ടം ആനയുടെ ഉടമസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

8 ആനയുടെ ജഡം സംസ്കരിക്കുന്നതിന് വനപ്രദേശത്തിന്റെ ചാർജ്ജ് വഹിക്കുന്ന റെയിഞ്ച് ആഫീസറുടെയോ അദ്ദേഹം നിയോഗിക്കുന്ന മറ്റു വന സംരക്ഷണ ഉദ്യോഗസ്ഥൻ മാരുടെയോ സാന്നിദ്ധ്യത്തിൽ മാത്രമേ ജഡം സംസ്കരിക്കാവൂ.

9. അനുവാദം ലഭിക്കുന്നതിന് യാതൊരുവിധ ഫീസും ഈടാക്കേണ്ടതില്ല.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

എം. സി ജോസ്
സെക്രട്ടറി.

എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർമാർക്കും ,
പ്രസിഡന്റ് , ആന സംരക്ഷണസമിതി , രജി. നം. 286/90.
XI/553, ,ശാരദാ വിഹാർ, തൃശ്ശൂർ - 680021.

കരുതൽ ശേഖരം

**Endt. on NL (3) 249/96 dtd. 15-11-96 (R. Dis)**

CCF' s (WL) Office,
Thiruvananthapuram.

Copy submitted to the All Chief Conservator of Forests Field Director, Kottayam Divi. Forest officers for information and further action./
Divi. Forest officers for information and further action,
Copy to PA to CCF (WL) stock file, All Sections in office,
Copy to President, Elephant Welfare Association, X1/553, Saradavihar, Trissur 21 for information.